**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2930** **18-03-2022 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണത്തിന് ഇരയാവർക്കുള്ള നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | null<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മൂന്നാർ, മറയൂർ, മാങ്കുളം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് സ്റ്റേഷൻ പരിധിയിൽ വരുന്ന മേഖലകളിൽ 2016 മുതൽ വന്യമൃഗങ്ങളുടെ ആക്രമണം മൂലം മരണമടഞ്ഞവരുടെയും പരിക്കേറ്റവരുടെയും എണ്ണം വേർതിരിച്ച് വ്യക്തമാക്കാമോ; | (എ) | വ്യക്തമാക്കാം. മൂന്നാർ, മറയൂർ, മാങ്കുളം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസുകളുടെ പരിധിയിൽ വരുന്ന മേഖലകളിൽ 2016 മുതൽ വന്യമൃഗങ്ങളുടെ ആക്രമണം മൂലം മരണമടഞ്ഞവരുടെയും പരിക്കേറ്റവരുടെയും എണ്ണം അനുബന്ധം -1 ആയി ചേർക്കുന്നു |
| (ബി) | മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാര തുക നൽകിയിട്ടുണ്ടോ; നൽകാൻ ബാക്കിയുള്ള കുടുംബങ്ങളുടെ എണ്ണം വിശദമാക്കാമോ; | (ബി) | വിശദമാക്കാം. 21 പേരുടെ അനന്തരാവകാശികൾക്ക് നഷ്ടപരിഹാര തുക മുഴുവനായും നൽകിയിട്ടുണ്ട്. അവശേഷിക്കുന്ന 11 കേസ്സുകളിൽ മൂന്നാർ ഡിവിഷനിൽ മരണപ്പെട്ട 8 പേരിൽ 4 പേരുടെ കാര്യത്തിൽ 5 ലക്ഷം രൂപവീതം ആദ്യഗഡുവായി നൽകിയിട്ടുണ്ട്. അപേക്ഷകളിൽമേൽ അനുബന്ധ രേഖകൾ ലഭ്യമായിട്ടില്ലാത്തതിനാൽ ബാക്കി 4 പേർക്ക് നഷ്ടപരിഹാര തുക ഒന്നും നൽകിയിട്ടില്ല. മറയൂർ ഡിവിഷനിൽ 3 പേരുടെ കാര്യത്തിലുള്ള വിശദാംശം അനുബന്ധം - 2 ആയി ചേർക്കുന്നു. |
| (സി) | നഷ്ടപരിഹാര തുക ലഭിക്കാൻ ബാക്കിയുള്ള കുടുംബങ്ങൾക്ക് പ്രസ്തുത തുക നൽകാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കാമോ? | (സി) | മരണപ്പെട്ടവരുടെ ആശ്രിതർ യഥാസമയം അനന്തരാവകാശ സർട്ടിഫിക്കറ്റ് ലഭ്യമാക്കാത്തതിനാൽ നഷ്ടപരിഹാര തുക നൽകുന്നതിന് കാലതാമസം നേരിടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം -1

| ഡിവിഷൻ | മരണം | പരിക്ക് |
|---|---|---|
| മൂന്നാർ | 21 | 49 |
| മറയൂർ | 4 | 11 |
| മാങ്കുളം | 2 | 6 |

അനുബന്ധം -2

| ക്രമ നം | മരണപ്പെട്ടയാൾ | റിമാർക്സ് |
|---|---|---|
| 1. | രജനിഉടയാർ മറയൂർ | ടിയാൻ മറയൂർ സ്റ്റേഷനിലെ ഒ.ആർ. 6/2009 കേസിലെ പ്രതിയായതിനാൽ അപേക്ഷ നിരസിക്കുകയുണ്ടായി. തുടർന്ന് ബഹു. ഹൈക്കോടതിയിൽ WP(C)30251/2021 ഫയൽ ചെയ്തിട്ടുണ്ട്. ടി കേസ് നിലവിൽ വിചാരണയിലാണ്. |
| 2. | പാണ്ടിയമ്മ കാന്തല്ലൂർ | കാന്തല്ലൂർ വില്ലേജ് ഓഫീസറുടെ സാക്ഷ്യ പത്ര പ്രകാരം ടിയാളുടെ ആശ്രിതർക്ക് 1 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അനന്തരാവകാശ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ബാക്കി തുക അനുവദിക്കുന്നതാണ്. |
| 3. | ദുരൈരാജ് നാച്ചിവയൽ | ടിയാന്റെ ആശ്രിതരുടെ അപേക്ഷ ലഭിച്ചുവെങ്കിലും വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രമോ, അനന്തരാവകാശ സർട്ടിഫിക്കറ്റോ നിലവിൽ സമർപ്പിച്ചിട്ടില്ല. ആയത് ലഭ്യമാക്കുവാനുള്ള നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |